കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/30/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി: 04.02.2019

E-mail: lfadtvm@yahoo.in

dotvm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : പെരുങ്കടവിള ബ്ലോക്ക്പഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്, 4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി/30/2019 തീയതി: 04.02.2019

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.08.2017 മുതൽ 21/12/2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 07 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ. മുഹമ്മദ് നിസ്സാർ,<br>ജോയിന്റ് ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 22.12.2018 മുതൽ<br>29.12.2018 വരെ | ശ്രീമതി.സിന്ധുലാബീവി. എം.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനിൽകുമാർ. ആർ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുരേഷ് ബാബു. ബി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീ.കോസല രാമദാസ്. കെ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിൻറ് | ശ്രീമതി. പി.സുജാത കുമാരി. | 01/04/2017 മുതൽ 31/03/2018 വരെ |
| സെക്രട്ടറി | ശ്രീ. എസ്.എൽ.പത്മകുമാർ | 01/04/2017 മുതൽ 21/04/2017 വരെ |
| | ശ്രീ. കെ.സുരേഷ് കുമാർ | 22/04/2017 മുതൽ 31/03/2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, വിലാസം | കാലയളവ് |
|---|---|---|
| സി.ഡി.പി.ഒ.<br>(അഡീഷണൽ) | ശ്രീമതി. കുമാരി ശാന്തി. | 01/04/2017 മുതൽ 31/03/2018 വരെ |
| സി.ഡി.പി.ഒ (മെയിൻ) | ശ്രീമതി. ജസ്സി മാനറ്റ് | 01/04/2017 മുതൽ 03/10/2017 വരെ |
| | ശ്രീമതി.സന്ധ്യ | 04/10/2017മുതൽ<br>31/03/18വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. ജയകുമാരി.ഡി. | 01/04/2017 മുതൽ 31/03/2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ജയശ്രീ.ഡി. | 01/04/2017 മുതൽ 31/03/2018 വരെ |
| അസി.എക്സി. എഞ്ചിനീയർ | ശ്രീ. ഉണ്ണി. കെ. | 01/04/2017 മുതൽ 14/11/17 വരെ |
| | ശ്രീമതി. രമ്യ | 15/11/17മുതൽ 31/03/18 വരെ |
| അസി. ഡയറക്ടർ കൃഷി | ശ്രീമതി. പത്മം. എസ്. | 01/04/2017 മുതൽ 04/10/2017 വരെ |
| | ശ്രീ. വിനയചന്ദ്രൻ | 05/10/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി.<br>പെരുങ്കടവിള | ഡോ. ശിവകുമാർ | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. വെള്ളറട. | ഡോ. സുജ | 01/04/2017 മുതൽ31/03/18 വരെ |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി.സജനാ സെയ്ദ് | 01/04/2017 മുതൽ31/03/18 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | ക്ഷേമ പദ്ധതികൾ | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 | |
| | ഭാഗം 2 | | |
| 12 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2-1 | |
| 13 | രസീത് പരിപാലനം- അപാകതകൾ | 2-2 | |
| 14 | ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല. | 2-3 | |
| 15 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല | 2-4 | |
| 16 | ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെണ്ടർ ഫീസ് ലഭ്യമാക്കിയിട്ടില്ല | 2-5 | |
| | ഭാഗം 3 | | |
| 17 | പ്ലാസ്റ്റിക്ക് സംഭരണ കേന്ദ്രങ്ങളിൽ ഷ്രഡിങ് മെഷീൻ സ്ഥാപിക്കൽ-ലക്ഷ്യപ്രാപ്തി നേടിയില്ല | 3-1 | |

| | | | |
|---|---|---|---|
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-2 | |
| 19 | ലോൺ രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. | 3-3 | |
| 20 | പകൽ വീട് വൈദ്യുതീകരണം-വൈദ്യുതി കണക്ഷൻ നാളിതുവരെ ലഭിച്ചിട്ടില്ല. | 3-4 | |
| 21 | സോളാർ ഫോട്ടോ വോൾട്ടായി പവർ പ്ളാൻറ് സ്ഥാപിക്കൽ-വെള്ളറട സി.എച്ച്.സി. പൂർണ്ണമായും പ്രവർത്തനക്ഷമമല്ല. | 3-5 | |
| 22 | പേരേക്കോണം കൈതക്കുഴി റോഡ് പുനരുദ്ധാരണം-അപാകതകൾ-നഷ്ടം 6,542/- | 3-6 | |
| 23 | എ.ഡി.എ ഓഫീസ് വൈദ്യുതീകരണം-കരാറുകാരന് അധിക ആനുകൂല്യം നല്കി | 3-7 | |
| 24 | എർത്ത് വർക്കിന് അധിക തുക നൽകി -നഷ്ടം 1,148/-രൂപ | 3-8 | |
| 25 | കൾവർട്ടിന്റെ ഫൗണ്ടേഷൻ നിർമ്മാണം-ഉയർന്ന സ്പെസിഫിക്കേഷനിലുള്ള സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചു. നഷ്ടം 10,712/- | 3-9 | |
| 26 | ഡ്രൈവിംഗ് ലൈസൻസിന്റെ അഭാവത്തിൽ ഭിന്നശേഷിക്കാരന് ട്രൈസ്കൂട്ടർ നൽകി | 3-10 | |
| 27 | ക്ഷീരകർഷകർക്ക് പാൽസബ്സിഡി(വിധവ) ചെലവ് തുകയിൽ വ്യത്യാസം | 3-11 | |
| 28 | ടെണ്ടർ നടപടിക്രമങ്ങളിലെ വീഴ്ച-മെഡിക്കലോഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ. | 3-12 | |
| 29 | അങ്കണവാടികളിൽ ചിൽഡ്രൻസ് പാർക്ക്-അപാകതകൾ | 3-13 | |
| | ഭാഗം 4 | | |

| | | | |
|---|---|---|---|
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 39 | അനുബന്ധം 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2017തീയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 1,41,72,52,000/-രൂപയും പ്രതീക്ഷിത ചെലവ് 1,41,47,80,000/-രൂപയും നീക്കിയിരിപ്പ് 24,72,000/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 15.07.2018 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

## നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-18 | 29/12/2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7,91,38,976/- |
| വരവ് | 12,36,89,559/- |
| ആകെ | 20,28,28,535/- |
| ചെലവ് | 12,92,53,140/- |
| നീക്കിയിരിപ്പ് | 7,35,75,395/- |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫ ജനറൽ | - | 53233867 | 53233867 | 53233867 | - |
| വി.ഫ എസ്.സി.പി | - | 13778000 | 13778000 | 13778000 | - |
| വി.ഫ. ടി.എസ്.പി. | - | 2105000 | 2105000 | 2105000 | - |
| മെ.ഫ റോഡിതരം | - | 6804000 | 6804000 | 6804000 | |
| ജി.പി.എഫ്&ടി.എസ്.ബി. | 5249089 | 5853080 | 11102169 | 10214317 | 887852 |
| എസ്.ഐ.ജി.എൻ | 3686 | 143 | 3829 | 30 | 3799 |
| ഐ.എ.വൈ-അഡ്മിൻ | 520 | 20 | 540 | 0 | 540 |
| ഐ.എ.വൈ-ലോൺ | 94935 | 5781 | 100716 | 0 | 100716 |
| ഐ.എ.വൈ-CSS | 138426 | 4599 | 143025 | 53 | 142972 |
| ഐ.എ.വൈ-plan | 71646437 | 38241851 | 109888288 | 39917987 | 69970301 |
| ഹരിയാലി | 1329633 | 51557 | 1381190 | 89 | 1381101 |
| എസ്.ജി.എസ്.വൈ | 148475 | 5675 | 154150 | 0 | 154150 |
| മിസലേനിയസ് | 411932 | 645035 | 1056967 | 144703 | 912264 |
| നിർമ്മൽ പുരസ്കാർ | 115843 | 2951 | 118794 | 97094 | 21700 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ/ഭാഗികമായി നടപ്പാക്കിയവ (എണ്ണം) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 120 | 107582192 | 98 | 75920867 | 22 |

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പദ്ധതികൾ | അടങ്കൽ തുക | നടപ്പിലാക്കിയ പദ്ധതികൾ | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സി.ഡി.പി.ഒ. | 3 | 6528940 | 3 | 6486020 | 99 |
| 2 | സെക്രട്ടറി | 36 | 36676667 | 27 | 28012318 | 76 |
| 3 | മെഡിക്കൽ ഓഫീസർ. (സി.എച്ച്.സി.) | 5 | 2416481 | 5 | 1885158 | 78 |
| 4 | പട്ടികജാതി വികസന ഓഫീസർ | 3 | 5816200 | 3 | 4184500 | 72 |
| 5 | അസി.ഡയറക്ടർ-കൃഷി | 6 | 5514613 | 5 | 1033020 | 19 |
| 6 | ഡി.ഇ.ഒ | 4 | 16067128 | 4 | 10267996 | 64 |
| 7 | അസി.എക്സി.എഞ്ചിനീയർ | 4 | 5615532 | 3 | 2759408 | 49 |
| 8 | അസി. എഞ്ചിനീയർ | 59 | 28946631 | 48 | 21292447 | 74 |
| | ആകെ | 120 | 107582192 | 98 | 75920867 | 71 |

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല. അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. സുതാര്യമായ ധനകാര്യ മാനേജ്മെന്റ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണ്ണ നിയമ സാധുത എന്നിവ ഉറപ്പാക്കാൻ പഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. ഭരണ ഉദ്യോഗസ്ഥതലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെങ്കിലും താരതമ്യേന മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. വൗച്ചറുകൾ കൃത്യമായും തുടർച്ചയായ നമ്പറുകളിട്ട് സൂക്ഷിച്ചിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ വൗച്ചറോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

മാർഗ്ഗരേഖ അനുശാസിക്കും വിധം മോണിറ്ററിംഗ് നടത്തുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ലോൺ രജിസ്റ്ററിലെ വിവരങ്ങൾ എ.എഫ്.എസിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24/09/2018മുതൽ 01/10/2018 വരെ | 2017-18 | 07/11/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.02.2015മുതൽ 04/02/2015 വരെ | 2012-14 | 06/03/15 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. AFS പ്രകാരം 1,38,190/- രൂപ നിക്ഷേപം തിരികെ ഒടുക്കാൻ ബാക്കിയുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. capital contribution മുൻ വർഷ തുകയും തൻ വർഷ തുകയും മാറ്റമില്ലാതെ നിൽക്കുന്നു

3. AFS B4 schedule പ്രകാരം SGSY ഇനത്തിൽ 1,47,475/- രൂപയും IWDP ഇനത്തിൽ 13,29,633/- രൂപയും grant fund ഇനത്തിൽ 24,850/-രൂപയും ചെലവഴിക്കാൻ ബാക്കിയുള്ളതായി കാണുന്നു. ഇവ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

4. AFS (B5) വായ്പാ തിരിച്ചടവ്, ബാലൻസ് എന്നിവ ലോൺ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5. TSB അക്കൗണ്ടിൽ വരവുള്ള 3,400/-രൂപ 08/02/18, 15,000/-രൂപ 23/02/18 എന്നിവ AFS ഏത് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

6. AEE ലഭ്യമാക്കിയ പാർട്ട് ബിൽ സംബന്ധിക്കുന്ന തുക (2461308) AFS പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

7.കേരളാ വാട്ടർ അതോറിറ്റിക്ക് കൈമാറിയ തുകകൾക്ക് വിനിയോഗം ലഭ്യമാക്കിയിട്ടില്ല. എന്നാൽ ടി തുക AFS-B18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ബ്ലോക്ക് പഞ്ചായത്തിന്റെ |
|---|---|---|---|

| | | | |
|---|---|---|---|
| | | | നടപടിക്രമം |
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2016 ഡിസംബർ 15-ന് മുൻപ് | ബജറ്റ് പ്രപ്പോസൽ ആവശ്യപ്പെട്ടിട്ടില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017ജനുവരി 15-ന് മുൻപ് | ഘടകസ്ഥാപനങ്ങൾ സമർപ്പിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017ജനുവരി 25-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | രേഖപ്പെടുത്തിയിട്ടില്ല |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 09.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | പ്രത്യേക കമ്മിറ്റി ചേർന്നിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 31-ന് മുൻപ് | 27.03.17 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ ശുപാർശ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ച് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 2-2 രസീത് പരിപാലനം- അപാകതകൾ

സർക്കുലർ നം.48544/എബി1/13/തസ്വഭവ തീ 22.04.2014 ഖ.1 പ്രകാരം ഫ്രണ്ട് ഓഫീസ് വഴി ക്യാഷ് രസീതായും, കൈപ്പറ്റ് രസീതായും വ്യത്യസ്ത രീതിയിലുള്ള രശീതികൾ (പ്രത്യേക ഫോർമാറ്റിലുള്ളതും, പ്രത്യേക നിറത്തോടും കൂടിയത്) ഉപയോഗിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ക്യാഷ് രശീതികൾ പിങ്ക് നിറത്തിലും, സൂചിക ഉപയോഗിച്ചുള്ള കൈപ്പറ്റ് രശീതികൾ നീല നിറത്തിലുള്ളവയുമാണ്. ബ്ലോക്ക് പഞ്ചായത്തിൽ സാംഖ്യ രസീതുകൾ ഉപയോഗിക്കുന്നില്ല. മാന്വൽ രസീത് നൽകി കളക്ട് ചെയ്യുന്ന ചെക്ക്/ക്യാഷ് തുക ട്രഷറി/തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കുന്നുവെങ്കിലും സ്ഥാപനത്തിൽ ഡേ ബുക്ക് പ്രത്യേകമായി സൂക്ഷിക്കുന്നില്ല. ബാങ്ക് ബുക്കിൽ ചേർക്കുകയാണ് ചെയ്യുന്നത്. രസീതു

ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 20 രസീതു ബുക്കുകൾ ഉപയോഗിക്കാതെ സൂക്ഷിക്കുന്നുവെങ്കിലും രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. രസീതു ബുക്കുകൾ സ്റ്റോക്കിൽ ഉൾപ്പെടുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഉപയോഗിക്കേണ്ടതുമാണ്.

## 2-3 ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ തൻവർഷം 1,26,652/-രൂപ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിൽ സ്വീകരിച്ചതായും 15,000/-രൂപ തിരികെ നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഇതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2017-18 വർഷം ഡെപ്പോസിറ്റ് ഇനത്തിൽ 1,38,190/-രൂപ ഇനിയും തിരികെ നൽകാനുള്ളതായി കാണുന്നു. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ഡെപ്പോസിറ്റ് തുകകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും, തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും അത് പഞ്ചായത്തിന്റെ തനത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതുമാണ്. ഇത്തരത്തിലുള്ള തുകകൾ ഡെപ്പോസിറ്റ് ഇനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ഈ വിവരം ബോധ്യപ്പെടുത്തി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ടിനായി പിരിച്ച തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2017-18 സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫെയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 2,53,720/- രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം ഗ്രാമ പഞ്ചായത്തിന് 2,537/- രൂപയുടെ നഷ്ടമുണ്ടായി. വെൽഫെയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെണ്ടർ ഫീസ് ലഭ്യമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം ഇ-ടെൻഡർ മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ നിന്നും ഫാറവിലയിനത്തിൽ 1,36,126/-രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം 1/2018 ന് ലഭ്യമായ വിവരം) അക്കൗണ്ടിൽ ലഭ്യമായ ഫോറം വില/ടെൻഡർ ഫീസ് നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്ലാസ്റ്റിക്ക് സംഭരണകേന്ദ്രങ്ങളിൽ ഷ്രഡിങ് മെഷീൻ സ്ഥാപിക്കൽ– ലക്ഷ്യപ്രാപ്തി നേടിയില്ല

പ്രോജക്റ്റിന്റെ പേര് - പ്ലാസ്റ്റിക്ക് സംഭരണ കേന്ദ്രങ്ങളിൽ ഷ്രഡിങ് മെഷീൻ സ്ഥാപിക്കൽ (സ്പിൽഓവർ)

പ്രോജക്റ്റ് നം - so62/18

അടങ്കൽ തുക - 29,50,000/- (വികസനഫണ്ട് പൊതുവിഭാഗം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് തുക - 18,24,886/-

ബിൽ നം/തീയതി - 26/17-18, 21.10.17

മാലിന്യനിർമ്മാർജനത്തിന്റെ ഭാഗമായി 28.04.2017-ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശിപാർശ അനുസരിച്ച് 2017-18-ൽ ഉൾപ്പെടുത്തിയ ഷ്രഡിങ് മെഷീൻ സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 26.09.17-ലെ II(5) നമ്പർ കമ്മിറ്റി തീരുമാനം അനുസരിച്ച് ടെൻഡർ നടപടി ഒഴിവാക്കി ഡെപ്പോസിറ്റ് വർക്കായി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ട് 18,24,886/- രൂപ നൽകി. അത് പ്രകാരം ഷ്രഡിങ് മെഷീൻ (15HP) 2 എണ്ണം, ബെയിലിങ് മെഷീൻ (7.5HP) 2 എണ്ണം ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായെങ്കിലും ആയത് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.5-ന് ലഭ്യമാക്കിയ മറുപടിയിൽ, ഷ്രഡിങ് മെഷീൻ, ബെയിലിങ് മെഷീൻ (1 വീതം) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചതായും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടില്ലായെന്നും വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് മെഷീൻ പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് അറിയിക്കുകയുണ്ടായി. കൂടാതെ ബ്ലോക്ക്പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥാപിക്കാനായി ലഭ്യമാക്കിയ മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും ഉടൻ പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിച്ചു. ടി പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഇലക്ട്രിഫിക്കേഷൻ, വൈദ്യുതി കണക്ഷൻ എന്നിവ ഉറപ്പുവരുത്താതെ മെഷീനുകൾ വാങ്ങിയത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ്. ശരിയായ രീതിയിലുള്ള മോണിട്ടറിംഗിന്റെ അഭാവമാണ് പദ്ധതി ലക്ഷ്യ പ്രാപ്തിയിലെത്താത്തതിനു കാരണം. പദ്ധതി പൂർത്തീകരിച്ച് മാലിന്യനിർമാർജനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-2 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു-79,08,074/-

താഴെപ്പറയുന്ന പ്രോജക്റ്റുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയിരുന്നു. എന്നാൽ തുകയുടെ വിനിയോഗ

രേഖകൾ അതാത് സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ബിൽനം-തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം/ ചെലവ് തുക |
|---|---|---|---|---|---|
| 1 | SO41/18 | പാലിയോട് ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യവികസനം | 13/17-18 26.07.17 | സെക്രട്ടറി | സെക്രട്ടറി, കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്-10,00,000/- |
| 2 | SO65/18 | ജലശ്രീ സമ്പൂർണ സുരക്ഷാപദ്ധതി-ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ | 25/17-18 20.10.17 | സെക്രട്ടറി | സെക്രട്ടറി, ജില്ലാപഞ്ചായത്ത്-2,00,000/- |
| 3 | SO134/18 | തച്ചറവിള-നെട്ടുംകുളം ഓടയിൽ സ്ലാബ് ഇടൽ | 43/17-18 13.03.18 | സെക്രട്ടറി | സെക്രട്ടറി, കൊല്ലയിൽ ഗ്രാമപഞ്ചായത്ത്-6,52,800/- |
| 4 | SO136/18 | വെട്ടുവിള-ബി.വി.എം സെമിനാരി റോഡ്-പൈപ്പ്-ലൈൻ എക്സ്റ്റൻഷൻ | 2304408/07.3.18 | സെക്രട്ടറി | കേരള ജലഅതോറിറ്റി-1,00,000/- |
| 5 | SO132/18 | ആല്യംക്കുഴി,പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2304409/07.03.18 | സെക്രട്ടറി | കേരള ജലഅതോറിറ്റി-67,474/- |
| 6 | SO115/18 | ആലച്ചക്കോണം-വിയ്യക്കോണം ഇടവഴി നിർമ്മാണം | 16/17-18 27.07.17 | സെക്രട്ടറി | ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്-13,77,800/- |
| 7 | SO37/18 | പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം | 04/17-18,20.09.17 05/17-18,26.09.17 | പട്ടികജാതി വികസന ഓഫീസർ | ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്-3,55,000/- വെള്ളറട ഗ്രാമപഞ്ചായത്ത് – 4,20,000/- അമ്പൂരി ഗ്രാമപഞ്ചായത്ത് – 2,30,000/- കൊല്ലയിൽ ഗ്രാമപഞ്ചായത്ത് – 5,05,000/- കള്ളിക്കാട് ഗ്രാമപഞ്ചായത്ത് – 2,75,000/- പെരുങ്കടവിള ഗ്രാമപഞ്ചായത്ത് 5,05,000/- കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് – 5,05,000/- ആര്യങ്കോട് |

| | | | | | |
|---|---|---|---|---|---|
| | | | | | ഗ്രാമപഞ്ചായത്ത് – 5,05,000/- |
| 8 | SO44/18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | 1/17-18,31.7.17 2/17-18,26.08.17 3/17-18,26.08.17 | പട്ടികജാതി വികസന ഓഫീസർ | കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് – 1,50,000/- കൊല്ലയിൽ ഗ്രാമപഞ്ചായത്ത് – 1,05,000/- വെള്ളറട ഗ്രാമപഞ്ചായത്ത് – 1,05,000/- ആര്യങ്കോട് ഗ്രാമപഞ്ചായത്ത് – 1,05,000/- ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് – 1,20,000/- പെരുങ്കടവിള ഗ്രാമപഞ്ചായത്ത് – 1,05,000/- കള്ളിക്കാട് ഗ്രാമപഞ്ചായത്ത് – 90,000/- അമ്പൂരി ഗ്രാമപഞ്ചായത്ത് 30,000/- |
| 9 | SO12/18 | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 1/17-18,21.8.17 4/17-18,26.08.17 6/17-18,23.09.17, 8/17-18,28.09.17 | ഡയറി എക്സ്റ്റൻഷൻ | ആര്യങ്കോട് ഗ്രാമപഞ്ചായത്ത് – 4,00,000/- |
| ആകെ | | | | | 79,08,074/- |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 79,08,074/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## **3-3** <u>ലോൺ രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.</u>

വായ്പ സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും ലോൺ രജിസ്റ്ററിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2016-17ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 1,17,30,678/-രൂപ ലോണിനത്തിൽ അടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്നു. തൻവർഷം 67,22,089/-രൂപ ഒടുക്കവരുത്തുകയും 50,08,589/-രൂപ ഒടുക്കുവാൻ ബാക്കിയുള്ളതായും കാണിച്ചിരിക്കുന്നു. എന്നാൽ ലോൺ രജിസ്റ്ററിൽ തൻവർഷം 61,77,354/-രൂപ ഒടുക്കവരുത്തിയതായും 70,20,355/-രൂപ ഒടുക്കാൻ ബാക്കിയുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി പൊരുത്തക്കേട് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ലോൺ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വായ്പയുടെ പേര് | ഉത്തരവ് നം | വായ്പാ തുക | തിരിച്ചടയ്ക്കാൻ ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കി ഉള്ള തുക |
|---|---|---|---|---|---|---|
| 1 | ഇ.എം.എസ്. ലോൺ | ലഭ്യമല്ല | 27791575 | 9697709 | 4222089 | 5475620 |
| 2 | ഐ.എ.വൈ. ലോൺ (എസ്.സി.ബി.മൈലച്ചൽ) | ലഭ്യമല്ല | 50000000 | 2150000 | 1200000 | 950000 |
| 3 | ഐ.എ.വൈ ലോൺ (എസ്.സി.ബി.ആങ്കോട്). | ലഭ്യമല്ല | 30000000 | 1350000 | 755265 | 594735 |

വായ്പ സംബന്ധിക്കുന്ന കൃത്യമായ വിവരം തയ്യാറാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-4 പകൽ വീട് വൈദ്യുതീകരണം-വൈദ്യുതി കണക്ഷൻ നാളിതുവരെ ലഭിച്ചിട്ടില്ല.

പ്രോജക്ട് നം -soo91/17

പ്രോജക്ടിൻെറ പേര്- വൈദ്യുതീകരണം പകൽവീട് വെള്ളറട

പ്രോജക്ട് തുക -77,116/

ചെലവ്തുക -69,572/- ബിൽ നം 11/17-18 തിയതി 17-02-18

വെള്ളറട ഗ്രാമപഞ്ചായത്തിൽ പകൽവീട് എന്ന പേരിൽ വയോജനങ്ങൾക്കായി സ്ഥാപിച്ച കെട്ടിടത്തിന്റെ വൈദ്യുതീകരണം പൂർത്തിയായിരുന്നു. ആകെ 69,572/-രൂപ വൈദ്യുതീകരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി കണക്ഷൻ ഇതുവരെ ലഭ്യമാക്കി, പകൽവീട് പ്രവർത്തനസജ്ജമായിട്ടില്ല. വൈദ്യുതികണക്ഷൻ എത്രയും വേഗം ലഭ്യമാക്കി പകൽവീട് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 3-5 സോളാർ ഫോട്ടോ വോൾട്ടായി പവർ പ്ലാന്റ് സ്ഥാപിക്കൽ– വെള്ളറട സി.എച്ച്.സി. പൂർണ്ണമായും പ്രവർത്തനക്ഷമമല്ല.

പ്രോജക്ട് നം - SOO23/17

പ്രോജക്ട് തുക - 34,45,000/-

എസ്റ്റിമേറ്റ് - 32,50,000/-

ചെലവ് തുക – 16,25,000/- ബിൽ നം.110/12.02.2018

നിർവഹണ ഉദ്യോഗസ്ഥൻ- അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ആനപ്പാറ സി.എച്ച്.സിയിൽ 25KWp സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 32,50,000/- രൂപയുടെ പദ്ധതി തയ്യാറാക്കുകയും 15.03.2017-ൽ കെൽട്രോണുമായി കരാർ വയ്ക്കുകയും ചെയ്തിരുന്നു. തുടർന്ന് 16,25,000/-രൂപ ചെലവഴിച്ച് കെൽട്രോണുമായി 15-3-2017 ൽ പവർ പ്ലാന്റ് സ്ഥാപിക്കുകയുണ്ടായി. എന്നാൽ പവർ പ്ലാന്റ് പൂർണ്ണമായും പ്രവർത്തനക്ഷമമല്ലായെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. കെൽട്രോണുമായുള്ള എഗ്രിമെന്റ് പ്രകാരം 5വർഷ കാലയളവിലേയ്ക്ക് സോളാർ പാനലിന് 100% വാറണ്ടി ഉറപ്പ് പറയുന്നുണ്ട്. ആയതിനാൽ എത്രയും വേഗം പവർ പ്ലാന്റ് പൂർണ്ണമായുംപ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

## **3-6** പേരേക്കോണം കൈതക്കുഴി റോഡ് പുനരുദ്ധാരണം-അപാകതകൾ–നഷ്ടം **6542/-**

പദ്ധതി നം -67/2018

അടങ്കൽ -5,00,000/-

ചെലവ് -4,17,576/-

നിർവഹണം - അസി. എഞ്ചിനീയർ

കരാറുകാരൻ -ശ്രീ. കൃഷ്ണൻ കുട്ടി. എ. (16% below)

ബിൽ നം -11/17-18 തീ. 30/06/17

എം. ബുക്ക് നം -590/16-17

മേൽ സൂചിപ്പിച്ച പ്രവൃത്തി സെക്കന്റ് മെറ്റലിംഗ്& ടാറിംഗ് എന്ന രീതിയിലാണ് നിർവഹിച്ചിരിക്കുന്നത്. ടി പ്രവൃത്തിയിൽ 75.33 $m^3$ (1004 $m^2$) അളവിൽ WMM ചെയ്യുകയും ഇതേ അളവിനുള്ള തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് prime coat 1004 $m^2$ ചെയ്യുകയും 972$m^2$ ൽ പരിമിതപ്പെടുത്തി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ tack coat, chipping carpet, seal coat എന്നിവ 972$m^2$ മാത്രമെ ചെയ്തിട്ടുള്ളൂ. ആയതിൽ നിന്നും 972$m^2$ മാത്രമെ ടാർ ചെയ്തിട്ടുള്ളൂ എന്നത് വ്യക്തമാണ്. 972$m^2$ ടാർ ചെയ്യാൻ 72.9$m^3$ WMM മതിയാകും. ആയതിനാൽ 2.43$m^3$ WMM ന് അധികമായി നൽകിയ തുക അംഗീകരിക്കുന്നില്ല. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ WMM 3.10 മീറ്റർ വീതിയിലും ടാറിംഗ് 3 മീറ്റർ വീതിയിലും ചെയ്തതിനാലാണ് ഈ വ്യത്യാസം വന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്. WMM ചെയ്യുന്ന മുഴുവൻ പ്രദേശത്തും ടാറിംഗ് നടത്തണം എന്നിരിക്കെ ലഭ്യമാക്കിയ മറുപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

WMM ന് നൽകിയ തുക=75.33$m^3$@3205.25/-$m^3$=2,41,451/-

WMM ന് നൽകേണ്ട തുക=72.9$m^3$@3205.25/-$m^3$=2,33,663/-

വ്യത്യാസം=7,788/-

ടെണ്ടർ കുറവ്=1247/-(16% below of 7788/-)

അധികം നൽകിയത്= 6,542/-

നഷ്ട തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 എ.ഡി.എ. ഓഫീസ് വൈദ്യുതീകരണം-കരാറുകാരന് അധിക ആനുകൂല്യം നല്കി

പദ്ധതി നം. - 82/2018

അടങ്കൽ -1,33,684/-

ചെലവ് -1,14,304/-

നിർവഹണം - അസി. എഞ്ചിനീയർ

കരാറുകാരൻ -ശ്രീ. സുരേഷ് കുമാർ. കെ.

എം. ബുക്ക് നം. -573/16-17

ഈ പ്രവൃത്തിയുടെ അന്തിമ ബിൽ പരിശോധിച്ചതിൽ സൂപ്പർ വിഷൻ ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി. അസി.എഞ്ചിനീയർക്ക് നല്കേണ്ട 3% സൂപ്പർ വിഷൻ ചാർജ്ജ് കൂടെ കരാറുകാരന് നൽകിയതായി ബോധ്യപ്പെട്ടു.

തുക നൽകിയ വിവരം (എം. ബുക്ക് പേജ് നം.32)

ആകെ പ്രവൃത്തി മൂല്യം -1,10,975/-

സൂപ്പർ വിഷൻ ചാർജ്ജ് 3% -3,329/-

ആകെ – 1,14,304/-

<u>കുറയ്ക്കുക</u>

VAT 10% – 11,430/-

IT – 1,143/-

KCWWF – 1,143/-

total deductions =13,716/-

കരാറുകാരന് നൽകിയ തുക =1,00,588/- (114304-13716)

ടി തുക കരാറുകാരന്റെ അക്കൗണ്ടിലേക്ക് (a/c no.67147025759) ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.

നല്കേണ്ടിയിരുന്ന തുക

ആകെ പ്രവൃത്തി മൂല്യം -1,10,975/-

സൂപ്പർ വിഷൻ ചാർജ്ജ് 3% -3,329/-

ആകെ 1,14,304/-

കുറയ്ക്കുക

VAT 10% – 11,098/- (പ്രവൃത്തി മൂല്യത്തിന്റെ 10%)

IT – 1110/- (പ്രവൃത്തി മൂല്യത്തിന്റെ 1%)

KCWWF – 1110/- (പ്രവൃത്തി മൂല്യത്തിന്റെ 1%)

total deductions =13,318/-

കരാറുകാരന് നൽകേണ്ടിയിരുന്ന തുക =97,657/- (110975-13318)

തെറ്റായ രീതിയിൽ പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തിയതിലൂടെ നികുതിയിനത്തിൽ 398/-രൂപയും (13716 – 13318) കരാറുകാരന് 2,931/-രൂപയും (100588-97657) അധികമായി നൽകേണ്ടി വന്നു. കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി KSEBയ്ക്ക് നൽകേണ്ടതാണ്. മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.9/18) മറുപടി ലഭ്യമാക്കിയില്ല.

## **3-8** <u>എർത്ത് വർക്കിന് അധിക തുക നൽകി - നഷ്ടം **1,148/-**രൂപ</u>

പ്രവൃത്തിയുടെ പേര് -പാലോട്ടുകോണം ലക്ഷം വീട് കോളനി ഊറ്റുകുഴി നവീകരണം(94/18)

അടങ്കൽ -2,00,000/-

ചെലവ് - 1,79,483/-

നിർവഹണം - അസി. എഞ്ചിനീയർ

കൺവീനർ -ശ്രീ. സുരേഷ് കുമാർ.കെ

എം. ബുക്ക് നം -540/16-17

ബിൽ നം -17/17-18 തീയതി 29/07/17

മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ എക്സ്ട്രാ ഇനം 1 ആയി 14.49m$^3$ കരിങ്കല്ല് പൊളിച്ച് മാറ്റിയിട്ടുണ്ട്. ഇതിൽ ഒരു ഭാഗം 16.56 x 0.65 x 0.5 = 5.38m$^3$ എന്ന അളവിലാണ് നീക്കം ചെയ്തിരിക്കുന്നത്. ശേഷം എക്സ്ട്രാ ഇനം 2 ആയി ഇതേ സ്ഥലത്ത് 16.56 x 1.10 x 0.65 = 11.84m$^3$ എർത്ത് വർക്ക് ചെയ്തിട്ടുണ്ട്. എന്നാൽ എർത്ത് വർക്ക് ചെയ്ത 11.84m$^3$ അളവിലെ 5.38m$^3$ അളവ് എക്സ്ട്രാ ഇനം 1 ആയി നേരത്തെ കരിങ്കല്ല് പൊളിച്ച് മാറ്റിയതും ആയതിന് തുക അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ എർത്ത് വർക്കിന് തുക അനുവദിച്ചപ്പോൾ 11.84m$^3$ അളവിനും തുക നല്കിയതായി കാണുന്നു. ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ പാലോട്ടുകോണം ലക്ഷംവീട് കോളനിയിൽ കുടിവെള്ള ലഭ്യതയ്ക്കായി ഊറ്റുകുഴി നവീകരണം എന്ന രീതിയിലാണ് പ്രസ്തുത പദ്ധതി

ഏറ്റെടുത്ത് നടപ്പിലാക്കിയത്. ടി പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷം വീട് കോളനിയിലെ വീടുകൾക്ക് ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ കഴിയുന്ന തരത്തിലായിരുന്നു പദ്ധതിയുടെ ആസൂത്രണം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കരിങ്കല്ല് കെട്ട് പൊളിച്ചുമാറ്റൽ | 16.56x0.65x0.5 = | $5.38m^3$ |
| എർത്ത് വർക്ക് എക്സ്കവേഷൻ | 16.56x1.10x0.65= | $11.84m^3$ |
| | വ്യത്യാസം | $5.38m^3$ |

ആയതിനാൽ $5.38m^3$ ന് @213.30/-നിരക്കിൽ നൽകിയ തുക 1,148/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. മേൽ അപാകതക പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 11/18) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടി നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 കൾവർട്ടിന്റെ ഫൗണ്ടേഷൻ നിർമ്മാണം- ഉയർന്ന സ്പെസിഫിക്കേഷനിലുള്ള സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചു-നഷ്ടം 10,712/-രൂപ

പ്രവൃത്തിയുടെ പേര് -അണമുഖം റോഡ് നവീകരണം (27/18)

അടങ്കൽ -7,65,640/-

ചെലവ് - 7,65,605/-

നിർവഹണം - അസി. എഞ്ചിനീയർ

കരാറുകാരൻ -ശ്രീ. പ്രദീപ്.ഡി (item rate contract)

എം. ബുക്ക് നം -317/17-18

ബിൽ നം.-23/17-18 തീയതി 08/03/18

മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ ഇനം നം 1 ആയി 7.2 x 2.8 x 0.75 = $15.12m^3$ അളവിൽ കൾവർട്ട് നിർമ്മിക്കുവാനായി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ശേഷം ഇതേ പ്രദേശത്ത് (7.2 x 2.8 x 0.15 = $3.024m^3$) 15cm കനത്തിൽ cc m10 ഉപയോഗിച്ച് ഫൗണ്ടേഷൻ ലെവൽ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഫൗണ്ടേഷന്റെ പ്രവൃത്തി (7.2 x 2.8 x 0.6 = $12.096m^3$) cc m15 ഉപയോഗിച്ച് നിർവഹിച്ചതായി കാണുന്നു. ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം കൾവർട്ടുകളുടെ ഫൗണ്ടേഷൻ നിർമ്മിക്കാൻ cc m10 ആണ് ഉപയോഗിക്കേണ്ടത്. കൾവർട്ടുകളുടെ സൈഡ് വാൾ നിർമ്മിക്കുവാനാണ് cc m15 ഉപയോഗിക്കേണ്ടത്. ഉയർന്ന സ്പെസിഫിക്കേഷനിലുള്ള സിമന്റ് കോൺക്രീറ്റ് (m15) ഉപയോഗിച്ച് കൾവർട്ടിന്റെ ഫൗണ്ടേഷൻ നിർമ്മിച്ചതിലൂടെ ചുവടെ പറയുന്ന പ്രകാരമുള്ള നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഇനം | MoRD rate (50.98% CI) | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്. |
|---|---|---|
| M 10 | 7725.54/$m^3$ | 6026.004/$m^3$ |
| M 15 | 7890.44/$m^3$ | 6911.64/$m^3$ |

നൽകിയ തുക 12.096$m^3$@6911.64/$m^3$ =83,603/-

നൽകേണ്ട തുക 12.096$m^3$@6026.004/$m^3$ =72,891/-

അധികം നൽകിയത് =10,712/-

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.11/18) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നഷ്ട തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-10 ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കിയില്ല ഭിന്നശേഷിക്കാരന് ട്രൈസ്കൂട്ടർ നൽകി - 74,500/-രൂപ തടസ്സം

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിക്കാർക്കായി ട്രൈസ്കൂട്ടർ

പ്രോജക്ട് നം - so64/18

അടങ്കൽ തുക - 17,06,200/-(വികസനഫണ്ട് പൊതുവിഭാഗം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

ചെലവ് തുക - 74,500/-

ബിൽ നം/തീയതി - 06/17-18,28.03.18,

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസർ മുഖേന 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഭിന്നശേഷിക്കാർക്കായി ട്രൈസ്കൂട്ടർ പദ്ധതിപ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താവായ ശ്രീ.ഗോപി, മിന്നുഭവൻ, അരുമാനിച്ചൽ, കൈതോട്ടുക്കോണം എന്നയാൾക്ക് ഡ്രൈവിംഗ് ലൈസൻസ് ഇല്ലാതെയാണ് വാഹനം നൽകിയിട്ടുള്ളത്. ടി.വിഷയം സംബന്ധിച്ച് 26.12.18-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.4/18-ന്, ശ്രീ. ഗോപി, ഡ്രൈവിംഗ് ലൈസൻസ് എടുത്തിട്ടുണ്ടെന്നും ലൈസൻസിന്റെ പകർപ്പ് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ 74,500/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അസ്സൽ ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കി ഓഡിറ്റ് തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3-11 ക്ഷീരകർഷകർക്ക് പാൽസബ്സിഡി(വിധവ) ചെലവ് തുകയിൽ വ്യത്യാസം

ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുഫണ്ട് ഉപയോഗിച്ച് വിധവാ വിഭാഗത്തിൽപ്പെടുന്ന ക്ഷീരകർഷകർക്ക് ആനുകൂല്യം ലഭ്യമാക്കാനും പാലുത്പ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടിരുന്ന പ്രോജക്ടാണ് ക്ഷീരകർഷകർക്ക് പാൽ സബ്സിഡി(വിധവ)

എന്ന പ്രോജക്ട് (നം56/17-18), പദ്ധതിയുടെ നടത്തിപ്പിനായി 2,64,628/-രൂപ അടങ്കൽ വകയിരുത്തുകയും 2,58,628/- രൂപ ചെലവ് വരികയും ഉണ്ടായി. ചെലവ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ബിൽ നം./തീയതി 3/17-18,2.8.17, 9/17-18,31.10.17, 10/17-18,19.01.18

ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക 2,58,628/- രൂപയും ധനവിനിയോഗ സാക്ഷ്യപത്രപ്രകാരം 2,64,628/- രൂപയും ചെലവായി കാണിച്ചിരിക്കുന്നു. തുകകളുടെ വ്യത്യാസങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/18-ന് തുകയിൽ വ്യത്യാസം വന്നത് 6,000/- രൂപ ഇംപ്ലിമെന്റേഷൻ ചാർജ്ജിനത്തിൽ വകയിരുത്തിയതും എന്നാൽ പ്രസ്തുത തുക മാറിയിട്ടില്ലായെന്നും ധനവിനിയോഗസാക്ഷ്യപത്രത്തിൽ ക്ലറിക്കൽ തെറ്റ് മൂലമാണ് ഈ അപാകത സംഭവിച്ചതെന്നും മറുപടി നൽകിയിട്ടുണ്ട്. ശരിയായ ചെലവ് തുക ഉൾപ്പെടുത്തി ധനവിനിയോഗസാക്ഷ്യപത്രം ക്രമപ്പെടുത്തി ചെലവ് പത്രികയുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

## 3-12 ടെണ്ടർ നടപടിക്രമങ്ങളിലെ വീഴ്ച-മെഡിക്കലോഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ.തടസ്സം 2,99,916/-

21.06.2013-ലെ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ജി.ഒ(.പി)3/2013 ൽ ഒരു ലക്ഷം രൂപയിലധികരിക്കുന്ന വാങ്ങലുകൾക്ക് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിക്കുന്നു (ഖ.7-7). എന്നാൽ 3 ലക്ഷം രൂപ അടങ്കലുള്ള അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പ്രോജക്ടിനായി പത്രപരസ്യം നല്കി ക്വട്ടേഷൻ ക്ഷണിക്കാതെ 6 പ്രാവശ്യമായി ഒരു ഏജൻസിയിൽ (രജീഷ്കുമാർ, Headway business system Service) നിന്നും വിവിധ സാധനങ്ങൾ വാങ്ങി. ഇത് സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് വിരുദ്ധമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഐറ്റം | വില | ബിൽനം./തിയതി |
|---|---|---|---|
| 1) | refrigerator double door(2) refrigerator single door (1) | 78,740/- | 3/17-18 dtd 6.11.17 |
| 2) | combined chair (5seat, steel) 5nos offfice table (steel) | 84,750/- | 6/17-18 dtd 28.11.17 |
| 3) | steel cupboard (standadized) 3nos | 40,500/- | 5/17-18 dtd 28.11.17 |
| 4) | combined chair (5seat.steel)5nos | 78,250/- | 7/17-18 dtd 6.1.18 |
| 5) | moulded chair with arm 14nos | 13,546/- | 8/17dtd 8-2-18 |
| 6) | moulded table 2nos | 4,130/- | 9/17-18 dtd 8-2-18 |
| | ആകെ | 2,99,916/- | |

ഇത്തരത്തിൽ പർച്ചേസ് നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് വിരുദ്ധമായി പർചേസ് നടത്തിയതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-13 അങ്കണവാടികളിൽ ചിൽഡ്രൻസ് പാർക്ക്-അപാകതകൾ

പ്രോജക്ടിന്റെ പേര് - അങ്കണവാടികളിൽ ചിൽഡ്രൻസ് പാർക്ക്

പ്രോജക്ട് നം - so56/18

അടങ്കൽ തുക - 26,16,540/- (വികസനഫണ്ട് പൊതുവിഭാഗം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ചൈൽഡ് ഡെവലപ്പ്മെന്റ് ഓഫീസർ

ചെലവ് തുക - 26,16,120/-

ബിൽ നം/തീയതി - 2/17-18, 26.09.17, 4/17-18, 13.03.18, 5/17-18, 13.03.18, 6/17-18, 13.03.18,

7/17-18, 24.03.18,

കുട്ടികളുടെ മാനസിക ഉല്ലാസത്തിനും പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 8 ഗ്രാമപഞ്ചായത്തുകളിലും സ്ഥലം ഉള്ളതും പാർക്ക് ഇല്ലാത്തതുമായ അങ്കണവാടികളിൽ പാർക്ക് നിർമ്മിക്കുന്നതിനുമായി ഓരോ പഞ്ചായത്തിനും 2,50,000/-രൂപ വീതം 20 ലക്ഷം രൂപയും, ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 214 അങ്കണവാടികളിലേക്കും ടോയ് കാർ, ടോയ് സൈക്കിൾ എന്നിവ വാങ്ങുന്നതിന് 6,16,540/- രൂപയും ചെലവഴിക്കാൻ ഉദ്ദേശിച്ചുള്ള പ്രോജക്ടാണിത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) സംയുക്ത പ്രോജക്ടുകളിൽ ഏർപ്പെടുന്ന തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടണമെന്ന മാർഗ്ഗനിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

(2) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 8 ഗ്രാമപഞ്ചായത്തുകൾക്കും 2,50,000/- രൂപ വീതം നൽകിയിട്ടുണ്ട്.എന്നാൽ എല്ലാ പഞ്ചായത്തുകളിൽ നിന്നും തുക ചെലവഴിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

(3)26.08.17-ലെ II(D) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം കളിക്കോപ്പുകൾ വാങ്ങുന്നതിന് ടെൻഡർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 5 ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഇ-ടെൻഡർ മുഖേനയാണ് നടപ്പിലാക്കേണ്ടത് എന്ന സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല.

(4) 214 അങ്കണവാടികൾക്കുള്ള കളിക്കോപ്പുകൾ വാങ്ങിയശേഷവും 53 ടോയ് സൈക്കിളും 40 ടോയ് കാറും അധികമായി വാങ്ങിയിട്ടുണ്ട്.

(5) മോണിറ്ററിംഗ് റിപ്പോർട്ട്, ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/18) ലഭ്യമാക്കിയ മറുപടി, പ്ലാൻ ഫണ്ട് നഷ്ടപ്പെടാതിരിക്കാനും സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പദ്ധതി പൂർത്തീകരിക്കുന്നതിന് വേണ്ടിയുമാണ് അധികമായി ടോയ് കാർ, ടോയ് സൈക്കിൾ എന്നിവ വാങ്ങിയതെന്നാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ പദ്ധതി നിർവ്വഹണം നടത്തുന്നതിന് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രോജക്റ്റിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2017-18 | 11524752 | പി.എം.എ.വൈ. സംയുക്ത പദ്ധതി. | 11524752 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 18607000 | | 18607000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്. | 2017-18 | 7311900 | | 7311900 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്. | തുക കൈപ്പറ്റിയ ഏജൻസി. | നിക്ഷേപിച്ച തുക | ചെലവ് തുക | ബാലൻസ് |
|---|---|---|---|---|---|
| 1 | ആലുംകുഴി-ചേമ്പിലക്കുഴി വലിയതേരി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | KWA | 67,474/- | 67,474/- | - |
| 2 | വെട്ടുവിള ബി.വി.എം.സെമിനാരി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | KWA | 1,00,000/- | 1,00,000/- | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പ സംബന്ധിച്ച വിവരങ്ങൾ ലോൺ രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഇത് ഖണ്ഡിക 3-3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,36,89,559/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,92,53,140/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 21,731/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 79,82,574/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ക്രമ നം. | ഖണ്ഡിക നം. | നഷ്ടമായ തുക (സർചാർജ്ജ് ചെയ്യാത്തത്) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3-6 | 6,542/- | ശ്രീമതി. സജന സെയ്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 2 | 3-7 | 3,329/- | ശ്രീമതി. സജന സെയ്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3 | 3-8 | 1,148/- | ശ്രീമതി. സജന സെയ്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 4 | 3-9 | 10,712/- | ശ്രീമതി. സജന സെയ്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1. | 3-2 (1മുതൽ 6 വരെ) | 33,98,074/- | ശ്രീ. സുരേഷ് കുമാർ.കെ. സെക്രട്ടറി |
| | 3-2 (7മുതൽ 8 വരെ) | 41,10,000/- | ശ്രീമതി. ജയകുമാരി.ഡി. എസ്.സി.ഡി.ഒ |
| | 3-2-9 | 4,00,000/- | ശ്രീമതി. ജയശ്രീ.ഡി. ഡി.ഇ.ഒ |
| 2 | 3-10 | 74,500/- | ശ്രീമതി. ജയകുമാരി.ഡി. എസ്.സി.ഡി.ഒ. |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി. സജനാ സെയ്ദ്, അസി. എഞ്ചിനീയർ | | NVRA/15/1, അഗസ്ത്യ ലെയ്ൻ, മണ്ണറക്കോണം, വട്ടിയൂർക്കാവ്. പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ബി.പി.735/2018 തീയതി 13.07.2018 | 3 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ബി.പി.736/2018 തീയതി 13.07.2018 | 3 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ബി.പി.740/2018 തീയതി 13.07.2018 | 9 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ബി.പി.741/2018 തീയതി 13.07.2018 | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ബി.പി.742/2018 തീയതി 13.07.2018 | 2 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി./181/2017 തീയതി 3.2.2017 | 13 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2033/2017 തീയതി 08.11.2017 | 10 | |

ഒപ്പ്
ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### ന്യൂനതകളുടെ സംഗ്രഹം

1. ആസ്തി രജിസ്റ്റർ കാലികമല്ലാത്തതിനാൽ ബി3 ഷെഡ്യൂളിലെ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. AFS (B5) വായ്പാ തിരിച്ചടവ്, ബാലൻസ് എന്നിവ ലോൺ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. TSB അക്കൗണ്ടിൽ വരവുള്ള 3,400/- രൂപ 08/02/18, 15,000/-രൂപ 23/02/18 എന്നിവ AFS ഏത് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.
4. AEE ലഭ്യമാക്കിയ പാർട്ട് ബിൽ സംബന്ധിക്കുന്ന തുക (24,61,308/-) AFS പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.
5. capital contribution മുൻവർഷ തുകയും തൻവർഷ തുകയും മാറ്റമില്ലാതെ നിൽക്കുന്നു.

ഒപ്പ്
ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.